# ECHO OF HIS CALL

ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

## വിളിയുടെ പ്രതിധ്വനി

MALAYALAM

**India's National Spiritual Newspaper**

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | DECEMBER 2023 | No. 02


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**യെശയ്യാവ് 9:1 – 6**

01. എന്നാൽ കഷ്ടതയിൽ ഇരുന്ന ദേശത്തിന്നു തിമിരം നിൽക്കയില്ല; പണ്ടു അവൻ സെബുലൂൻ ദേശത്തിന്നും നഫ്താലി ദേശത്തിന്നും ഹീനത വരുത്തിയെങ്കിലും പിന്നത്തേതിൽ അവൻ കടൽ വഴിയായി യോർദ്ദാന്നക്കരെയുള്ള ജാതികളുടെ മണ്ഡലത്തിന്നു മഹത്വം വരുത്തും.

02. ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെമേൽ പ്രകാശം ശോഭിച്ചു.

03. നീ വർദ്ധിപ്പിച്ചിട്ടില്ലാത്ത ജാതിയെ വർദ്ധിപ്പിക്കുന്നു; അവർ നിന്റെ സന്നിധിയിൽ സന്തോഷിക്കുന്ന സന്തോഷം കൊയ്ത്തുകാലത്തിലെ സന്തോഷം പോലെയും കൊള്ള പങ്കിടുമ്പോൾ ആനന്ദിക്കുന്നതുപോലെയും ആകുന്നു.

04. അവൻ ചുമക്കുന്ന നുകവും അവന്റെ ചുമലിലെ കോലും അവനെ ദണ്ഡിപ്പിക്കുന്നവന്റെ വടിയും മിദ്യാന്റെ നാളിലെപ്പോലെ നീ ഒടിച്ചുകളഞ്ഞിരിക്കുന്നു.

05. ഒച്ചയോടെ ചവിട്ടി നടക്കുന്ന യോദ്ധാവിന്റെ ചെരിപ്പൊക്കെയും രക്തം പിരണ്ടവസ്ത്രവും വിറകുപോലെ തീക്കു ഇരയായിത്തീരും.

06. നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

# രാജകുമാരന്റെ സമ്മാനം!

## THE GIFT OF THE PRINCE

*റവ. ഏഞ്ചലിൻ സെൽവകുമാരി*



കുട്ടിക്കാലം മുതലേ ക്രിസ്തുമസ്സിന് എന്റെ ഹൃദയത്തിൽ പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. അതു പറഞ്ഞറിയിക്കാനാകാത്ത സന്തോഷം നൽകുന്നു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ പുതിയ വസ്ത്രങ്ങളോ സമ്മാനങ്ങൾ വാങ്ങിക്കുവാനോ, വീട് അലങ്കരിക്കാനുള്ള കളർ പേപ്പർ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിക്കുവാനോ ഉള്ള പണമില്ലാത്ത അവസ്ഥയിലായിരുന്നു. ഞങ്ങൾ താമസിച്ചിരുന്നത് ഒരു ബെഡ്റൂം മാത്രമുള്ള ഒരു ചെറിയ വീട്ടിലായിരുന്നു. പരിമിതമായ ഭക്ഷണം മാത്രമേ ഞങ്ങൾക്ക് ഉണ്ടായിരുന്നുള്ളു. പക്ഷെ ഞങ്ങളുടെ കുട്ടിക്കാലം സന്തോഷപൂർണ്ണവും അർത്ഥപൂർണ്ണവുമാക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരുടെ പ്രയത്നത്തിന് ഞാനും എന്റെ സഹോദരനും എന്നേക്കും നന്ദിയുള്ളവരാണ്. അത് ഒരു അത്ഭുതകരമായ സമയമായിരുന്നു. അപ്പൂപ്പനെയും അമ്മൂമ്മയെയും കസിനുകളെയും കാണാൻ പോകുക, ഉറക്കം തൂങ്ങുന്ന കണ്ണുകളോടെ രാവിലെ പള്ളിയിൽ പോകുക, കുടുംബം മുഴുവനും ചേർന്നുള്ള സ്വാദിഷ്ടമായ ഉച്ചഭക്ഷണത്തിനായി കാത്തിരിക്കുക, കളിക്കുക, ഇടക്കിടക്ക് സഹോദരനുമായുള്ള വഴക്ക് - ഇതെല്ലാം ആ കാലത്തെ മനോഹരമാക്കി.

ഇപ്പോഴും, എല്ലാ വർഷവും, മെഴുകുതിരികളുടെ ഗന്ധം, മധുര പലഹാരങ്ങളുടെ സൗരഭ്യം, മിന്നി മിന്നി കത്തുന്ന അലങ്കാരവിളക്കുകൾ, തണുത്ത കാറ്റ്, ഒപ്പം ഹൃദ്യമായ കരോൾ ഗാനങ്ങളും... ഓർമ്മകൾ മിന്നി തെളിയുന്നു.

*3-ാം പേജിൽ തുടരും...*




**വിളിയുടെ പ്രതിധ്വനി**

*ക്രിസ്തീയ യൂട്യൂബ് ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക് ഭാഷകളിൽ**

**എല്ലാ ദിവസവും രാവിലെ 2.00 am**

**തമിഴ് ഞായർ ആരാധന - 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*

REACHING NATIONS



**എന്റെ ഉള്ളം നിന്നോടു പറ്റിയിരിക്കുന്നു;**
**നിന്റെ വലങ്കൈ എന്നെ താങ്ങുന്നു – സങ്കീർത്തനം 63:8**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

★ കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മാറ്റമില്ലാത്ത നാമത്തിൽ ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. സന്തോഷകരമായ ക്രിസ്തുമസ്സും അനുഗ്രഹീതമായ പുതുവർഷവും ഞങ്ങൾ നിങ്ങൾക്കു നേരുന്നു.

### വിളിയുടെ പ്രതിധ്വനി മാസികകളും യുട്യൂബ് ശുശ്രൂഷയും

**വിളിയുടെ പ്രതിധ്വനി** മാസികയുടെ വായനക്കാരിൽനിന്നും യുട്യൂബ് ചാനലിന്റെ കാഴ്ചക്കാരിൽനിന്നും ലഭിക്കുന്ന നല്ല പ്രതികരണത്തിനായി കർത്താവായ ദൈവത്തിനു നന്ദി കരേറ്റുന്നു. എല്ലാ ദിവസവും രാവിലെ 2 മണി മുതൽ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിൽ യുട്യൂബിലൂടെ സംപ്രേഷണം ചെയ്യുന്ന **അഞ്ചു മിനിട്ട് ദൈർഘ്യമുള്ള പ്രഭാഷണങ്ങൾ** കാണുവാൻ ഞാൻ നിങ്ങളോട് ആലോചന പറയുന്നു. ഈ ആവശ്യത്തിനു മാത്രമായി **+91-98410 71858** എന്ന നമ്പർ നിങ്ങളുടെ മൊബൈൽ ഫോണിൽ സേവ് ചെയ്യുവിൻ. **വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിന്റെ** വരിക്കാരാകുവാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ എന്നെ നേരിട്ട് ബന്ധപ്പെടുവാൻ +91-98412 71858 എന്ന നമ്പരും മൊബൈൽ ഫോണിൽ സേവ് ചെയ്യുവിൻ. ഈ സേവനങ്ങൾ പൂർണ്ണമായും സൗജന്യമാണ്.

### യുവജനങ്ങളുടെയും കുട്ടികളുടെയും സംരക്ഷണത്തിനുള്ള ആഗോള ദർശനം

ലോകമെമ്പാടുമുള്ള യുവതീയുവാക്കളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി ഒരു മിനിട്ട് പ്രാർത്ഥിക്കുവാനായി ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കേയർ എന്ന ഒരു പ്രസ്ഥാനത്തിന് ഞങ്ങൾ തുടക്കം ഇട്ടിട്ടുണ്ട്. ലോകമെമ്പാടുമുള്ള എന്റെ സ്നേഹിതർ ഈ ശുശ്രൂഷക്കായി തങ്ങളുടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാവരും തങ്ങൾ ആയിരിക്കുന്ന രാജ്യത്തിന്റെ സമയക്രമം അനുസരിച്ച് രാത്രി 10.00 മണിക്ക് താഴെ ചേർത്തിരിക്കുന്ന പ്രാർത്ഥന പ്രാർത്ഥിക്കുവാൻ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.



*കുട്ടികളും യുവാക്കളും യേശുക്രിസ്തുവിനോടൊപ്പം!*

**പ്രീയ കർത്താവേ, ലോകമെമ്പാടുമുള്ള യുവതീയുവാക്കളെയും കുട്ടികളെയും അങ്ങ് ഓർക്കേണമേ എന്ന് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു, ആമേൻ!**

ഈ പ്രാർത്ഥനയുടെ ഫലമായി അനേകം യുവതീയുവാക്കളും കുട്ടികളും കർത്താവിനു വേണ്ടി മുമ്പോട്ടു വരുന്നുണ്ട്. എല്ലാ മഹത്വവും പുകഴ്ചയും യേശുക്രിസ്തുവിനു മാത്രം, ആമേൻ!

നിങ്ങളുടെ മക്കളുടെ പേര് ഞങ്ങൾക്ക് അയച്ചു തരികയാണെങ്കിൽ അവരെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുന്നതാണ്. ഈ ശുശ്രൂഷയുടെ പേരിൽ സാമ്പത്തിക സഹായം ആവശ്യമില്ല.

ഞങ്ങളുടെ ശുശ്രൂഷയോടൊപ്പം മുൻനിരയിൽ സേവനം ചെയ്യുന്ന സമർപ്പിതരായ പലരും പലവിധമായ രോഗങ്ങളാലും നഷ്ടങ്ങളാലും ഭാരപ്പെടുകയാണ്. അവരുടെയെല്ലാം ക്ഷേമത്തിനും സംരക്ഷണത്തിനും അനുകൂല ജീവിതസാഹചര്യങ്ങൾക്കായും പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ഈ വർഷത്തെ പുതുവത്സര ആരാധന ഡിസംബർ 31 രാത്രി 10.00 മണിക്ക് നമ്മുടെ യുട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്നതാണ്. നിങ്ങളുടെ സൗകര്യാർത്ഥം ഇത് കാണുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സ്വന്തം ആലയങ്ങളിലുള്ള ആരാധനയിൽ പങ്കെടുക്കുവാനായി ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ സഭയിലെ ആരാധനയിൽ പങ്കെടുക്കുന്നത് പ്രാധാന്യമുള്ളതാണ്.

പുതുവർഷത്തിന്റെ അനുഗ്രഹങ്ങൾക്കായുള്ള പ്രത്യേക യോഗങ്ങൾ 2024 ജനുവരി 2 മുതൽ 7 വരെ ദിവസവും രാവിലെ 7.00 മണിക്ക് നടത്തുന്നതാണ്. തപാലിലൂടെ അയക്കുന്ന വിളിയുടെ പ്രതിധ്വനി മാസിക ചിലപ്പോൾ എല്ലാവർക്കും കിട്ടിയില്ല എന്നു വരാം. അതിനാൽ ഞങ്ങളുടെ അപ്ഡേറ്റുകൾ ലഭിക്കുവാൻ നിങ്ങളുടെ വാട്ട്സ്ആപ് നമ്പരും ഇമെയിൽ ഐഡിയും ഞങ്ങൾക്ക് അയച്ചുതരിക.

ഡിസംബർ മാസത്തിൽ ഞങ്ങൾ വിവിധങ്ങളായുള്ള ശുശ്രൂഷകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയുടെ സുഗമമായ നടത്തിപ്പിനായി ദയവായി പ്രാർത്ഥിക്കുവിൻ.

നിങ്ങൾക്കേവർക്കും ക്രിസ്തുമസ് ആശംസകളും അനുഗ്രഹീതമായ പുതുവത്സരാശംസകളും നേരുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വസ്തർ,

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858/98410 71858

E-mail : sam@echoofhiscall.org

*1-ാം പേജിന്റെ തുടർച്ച...*

പക്ഷെ, ചിലർക്കെങ്കിലും ക്രിസ്തുമസ് ഒരു വ്യത്യസ്ത അനുഭവമായിരിക്കാം. ഈ ലോകത്തിൽ നിന്നും നമ്മെ വിട്ടു പിരിഞ്ഞു പോയ നമ്മുടെ പ്രീയപ്പെട്ടവരുടെ ഓർമ്മകൾ നമ്മെ തേടിവരുന്ന സമയമായിരിക്കാം. മറ്റു ചിലർക്ക് ആരോഗ്യപ്രശ്നങ്ങളോ സാമ്പത്തിക ബാദ്ധ്യതകളോ ആയിരിക്കാം. ചിലർ ക്രിസ്തുമസ്സിന്റെ തിക്കും തിരക്കുകളും കാരണം സങ്കടം, വിഷാദം, ഏകാന്തത എന്നിവയ്ക്കു അധീനരായിത്തീരുന്നു. ആത്മഹത്യാ പ്രവണത ഏറ്റവും കൂടുതൽ കാണുന്ന സമയമാണ് ഇത് എന്നും പറയപ്പെടുന്നു.

കൂടാതെ, ഡിസംബർ 25 യേശുക്രിസ്തുവിന്റെ ജനനദിവസമാണോ എന്നുള്ള തർക്കം ഉള്ളതിനാൽ അന്നേദിവസം ക്രിസ്തുമസ്സ് ആഘോഷിക്കേണ്ടതുണ്ടോ എന്നുള്ള ചർച്ച സജീവമാണ്. എന്നെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു എന്ന അചഞ്ചലമായ സത്യം അംഗീകരിക്കുക എന്നതാണ്, അല്ലാതെ തീയതിയല്ല. ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നു, അതാണ് യഥാർത്ഥത്തിൽ പ്രാധാന്യമുള്ളത്.

അതുകൊണ്ട്, യേശുവിന്റെ ജനനമാണ് എനിക്കു ലഭിച്ച ഏറ്റവും വലിയ സമ്മാനമെന്ന് ലോകത്തോട് പ്രഖ്യാപിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എന്റെ ജീവിത സാഹചര്യങ്ങൾ എന്തുതന്നെയായാലും എന്റെ കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയുമൊപ്പം ഈ സംഭവം ആഘോഷിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. കുടുംബങ്ങൾ ഇല്ലാത്തവരെയും കഠിനമായ സമയങ്ങളിലൂടെ കടന്നുപോകുന്നവരെയും ഉൾപ്പെടുത്തുവാൻ ഞാൻ ശ്രമിക്കുന്നു. സ്നേഹവും കരുതലും കാണിക്കുവാനും നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുമുള്ള സമയമാണിത്.

സമ്മാനങ്ങൾ കൈമാറാനുള്ള അവസരമാണ് എന്നതാണ് ക്രിസ്തുമസ്സിന്റെ അസാധാരണമായ ഭാഗം. നമ്മുടെ കുഞ്ഞുങ്ങൾക്ക് പുത്തൻ ഉടുപ്പുകൾ വാങ്ങുക, നമ്മുടെ പ്രീയപ്പെട്ടവർക്ക് പ്രത്യേകമായ സമ്മാനങ്ങൾ വാങ്ങി നൽകുക എന്നത് നാം അവരെ സ്നേഹിക്കുന്നു എന്നും, അവരെ കരുതുന്നു എന്നും, നമ്മുടെ സന്തോഷം അവരുമായി പങ്കിടുവാൻ ആഗ്രഹിക്കുന്നു എന്നും കാണിക്കുവാനാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ജനങ്ങൾ ആഗസ്റ്റ് മുതൽ തന്നെ ക്രിസ്തുമസ്സ് സമ്മാനങ്ങൾ വാങ്ങി തുടങ്ങുന്നു. പല രാജ്യങ്ങളിലും സമ്മാനങ്ങൾ കൈമാറുക എന്നത് പാരമ്പര്യമാണ്. പക്ഷെ, ലോകത്തിനു നൽകപ്പെട്ട ഏറ്റവും വലിയ സമ്മാനമായ യേശുക്രിസ്തുവിന്റെ ജനനം ആഘോഷിക്കുവാൻ നാം പലപ്പോഴും മറന്നു പോകുന്നു.

**യേശുക്രിസ്തുവിന്റെ ജനനം പ്രാധാന്യമേറിയ അഞ്ചു സമ്മാനങ്ങൾ നമുക്കു നൽകുന്നു:**

**1. പൂർത്തീകരിച്ച വാഗ്ദാനത്തിന്റെ സമ്മാനം!**

വാഗ്ദാനങ്ങൾ പാലിക്കുന്നവനാണ് ദൈവം എന്നത് യേശുക്രിസ്തുവിന്റെ ജനനത്തിലൂടെ നാം മനസ്സിലാക്കുന്നു. അവൻ പറയുന്നത് ചെയ്യും. തീരുമാനങ്ങൾ മാറ്റുന്നവനോ കള്ളം പറയുന്നവനോ അല്ല. തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുവാൻ സമയമെടുത്തേക്കും, ചിലപ്പോൾ തലമുറകളോളം. വേദപുസ്തകം പറയുന്നത് : **ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല** (മത്തായി 24:35). നാം മിക്കവാറും ചില ആഴ്ചകളോ, മാസങ്ങളോ, വർഷങ്ങളോ കാത്തിരിക്കുകയുള്ളു, പിന്നെ വിട്ടുകളയും. ഒരു കാര്യം നാം ഓർത്തിരിക്കേണ്ടത്, ദൈവം എന്തെങ്കിലും പറഞ്ഞാൽ അവൻ അതു ചെയ്തിരിക്കും. അതു നമ്മുടെ ജീവിതകാലത്തോ, നമ്മുടെ മക്കളുടെ ജീവകാലത്തോ നടന്നിരിക്കും. ദൈവം യഹൂദന്മാർക്കു ഒരു മശിഹയെ വാഗ്ദത്തം ചെയ്തു, അവൻ തന്റെ മകനെ അയയ്ക്കുകയും ചെയ്തു.



*നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു!*

പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന 44 വാഗ്ദത്തങ്ങൾ **യേശുക്രിസ്തുവിന്റെ ജനനത്തോടെ** നിറവേറ്റിയതായി വേദശാസ്ത്ര

പണ്ഡിതന്മാർ പറയുന്നു. ഉദാഹരണമായി ഉല്പത്തി 3:15 ൽ മശിഹാ ഒരു സ്ത്രീയിലൂടെ ജന്മമെടുക്കുമെന്ന പ്രവചനം മത്തായി 1:20 ലൂടെ നിവൃത്തിയായി. അവന്റെ ജന്മസ്ഥല മാണ് നിവൃത്തിയായ അടുത്ത വാഗ്ദത്തം (മീഖ 5:2, മത്തായി 2:1). നിവൃത്തിയായ വാഗ്ദത്തങ്ങളെക്കുറിച്ച് ഒരു പട്ടിക തയ്യാറാക്കുവാൻ എനിക്ക് സാധിക്കും. പക്ഷെ, ഇവയെല്ലാം നിവൃത്തിയാകുവാൻ വർഷങ്ങൾ എടുത്തു എന്നതാണ് നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം.

പ്രീയപ്പെട്ട ദൈവമക്കളേ, ദൈവം നിങ്ങൾക്കായി ചെയ്തിരിക്കുന്ന വാഗ്ദത്തങ്ങൾ നിറവേറുവാൻ വിശ്വാസത്തോടെ പ്രാർത്ഥിക്കുവിൻ. തളർന്നുപോകരുത്. കാറ്റോ മഴയോ നിങ്ങൾ കാണുന്നില്ല എങ്കിലും നിങ്ങളുടെ കിടങ്ങുകളിൽ വെള്ളം നിറഞ്ഞിരിക്കും. യേശുക്രിസ്തു **അതെ** എന്നു പറയുമ്പോൾ **ഇല്ല** എന്നു പറയുവാൻ കഴിയുകയില്ല. അവൻ വാഗ്ദാനപാലകനാണ്. നിങ്ങൾ വിശ്വാസം മുറുകെ പിടിപ്പിൻ, അവൻ വാഗ്ദത്തങ്ങൾ നിറവേറ്റിത്തരും.

ദൈവം നമുക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്ന് ഓർമ്മിക്കേണ്ട സമയമാണ് ക്രിസ്തുമസ്സ്.

അവൻ എല്ലാം മനോഹരമാക്കിത്തരുന്ന സമയത്തിനായി കാത്തിരിപ്പിൻ. എലിസബത്ത്, മറിയ, ശീമോൻ, ഹന്ന എന്നിവരെപ്പോലെ അവന്റെ മുമ്പിൽ സമർപ്പിച്ച് കാത്തിരിപ്പിൻ. ഇവരെല്ലാം കാത്തിരുന്ന് വാഗ്ദത്തത്തിന്റെ നിവൃത്തി കണ്ടു.

## 2. സമാധാനത്തിന്റെ സമ്മാനം

ദൈവത്തിൽനിന്നുള്ള ഏറ്റവും വലിയ രണ്ടാമത്തെ സമ്മാനം അവൻ നമുക്കു നൽകുന്ന സമാധാനമാണ്. സമാധാനപ്രഭു എന്നാണ് അവന്റെ നാമം. നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് സമാധാനം. സമാധം ഇല്ലാത്ത ജീവിതത്തിന് അർത്ഥമില്ല. നമുക്ക് വലിയ വീടും, ആഡംബര കാറും, ഉയർന്ന ശമ്പളമുള്ള ജോലിയും, ധനികനായ ഭർത്താവും, കഴിവുള്ള മക്കളും ഉണ്ടായിരുന്നാലും സമാധാനമില്ലെങ്കിൽ നമുക്കുള്ളതുകൊണ്ട് ഒരു പ്രയോജനവുമില്ല.

ഒരിക്കൽ ഞാൻ ഒരു ചെറുപ്പക്കാരനെ കണ്ടുമുട്ടി. അവൻ പറഞ്ഞ കാര്യം കേട്ടു ഞാൻ ഞെട്ടി. "സന്തോഷത്തോടെ ഒരു ചെറിയ വീട്ടിൽ കഴിയുന്നതിനേക്കാൾ സങ്കടത്തോടെ വലിയ വീട്ടിൽ കഴിയുവാൻ ഇഷ്ടപ്പെടുന്നു". ഇതാണ് നാം ജീവിക്കുന്ന സമൂഹം; ആളുകൾക്ക് മതിപ്പ് തോന്നിക്കത്തക്ക നിലയിൽ ജീവിക്കുക! മറ്റുള്ളവർ നമ്മെക്കുറിച്ച് നാം സമ്പത്തുള്ളവരും ശക്തരുമാണെന്ന് വിശ്വസിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. പക്ഷെ നമ്മുടെ ആന്തരിക സമ്പത്തിന്റെ കാര്യമോ – **സമാധാനം!**

"നിങ്ങൾക്ക് ബാങ്കിൽ കോടികൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും, കുടുംബം ഉണ്ടെങ്കിലും ഇല്ലെങ്കിലും, പൂർണ്ണ ആരോഗ്യവാനായാലും രോഗിയായാലും, പുരുഷനായാലും സ്ത്രീയായാലും, ചെറുപ്പമായാലും വയസ്സായാലും, ഏതു അവസ്ഥയിലായാലും ഞാൻ തരുന്ന സമാധാനം നിങ്ങൾക്കു മതിയായതാണ്" എന്ന് യേശുക്രിസ്തു പറയുന്നു. **അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും** (മത്തായി 11:28) എന്ന് യേശു പ്രസ്താവിക്കുന്നു. **എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു** (യോഹന്നാൻ 14:27). നമ്മുടെ ചിന്തയുടെയും ഭാവനയുടെയും അപ്പുറമായുള്ള സമാധാനമാണ് അവൻ നമുക്കു തരുന്നത്. ആ സമാധാനമാണ് സിംഹങ്ങളുടെ മദ്ധ്യേ ദാനിയേലിന് ഉണ്ടായത്, അഗ്നിയുടെ മദ്ധ്യേ ആ എബ്രായ സഹോദരന്മാർക്ക് ഉണ്ടായത്.

യേശു തരുന്ന സമാധാനത്തിന് പരിധിയില്ല. കൊടുങ്കാറ്റിന്റെ മദ്ധ്യേയും അത് നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും, കാരണം, എല്ലാ സാഹചര്യങ്ങളും അവന്റെ നിയന്ത്രണത്തിലാണ്. ദൈവത്തിന്റെ അറിവില്ലാതെ ഒന്നും നമ്മെ ബാധിക്കുകയില്ല. ആ ആത്മ വിശ്വാസമാണ് നമുക്ക് വേണ്ടത്. അവൻ നമ്മെ ഒരിക്കലും നിരാശപ്പെടുത്തുകയില്ല.

പ്രീയ സ്നേഹിതരേ, നിങ്ങൾ ഇപ്പോൾ ഒരു വരണ്ടതോ, ചുഴലിക്കാറ്റിനു സമമായ അവസ്ഥയിലൂടെയോ കടന്നു പോകുകയായിരിക്കാം. പക്ഷെ, ഞാൻ പറയട്ടെ, ഇതുപോലെയുള്ള സാഹചര്യങ്ങളിലൂടെ കടന്നുപോയാലും യേശു ഇന്നലെയും ഇന്നും എന്നും മാറാത്തവനായി നമ്മോടൊപ്പം ഉണ്ട്.

അവൻ തന്റെ സമാധാനത്താൽ എന്നെ എപ്പോഴും നിറച്ചിട്ടുണ്ട്. നിങ്ങൾ ഏതു സാഹചര്യത്തിലായിരുന്നാലും, ഏതു താഴ്ന്ന അവസ്ഥയിലായാലും, ഏതു ഗോല്യാത്തിനെ അഭിമുഖീകരിച്ചാലും, ദൈവത്തോടു സമാധാനത്തിനായി അപേക്ഷിപ്പിൻ. യേശു നിങ്ങൾക്കു സമാധാനം തരും, കാരണം അവൻ സമാധാനത്തിന്റെ രാജകുമാരനാണ്.

ആദ്യത്തെ ക്രിസ്തുമസ്സ് മഹത്തായതും സമാധാനപരമായതും അല്ലാത്തതാണെന്ന് നിങ്ങൾക്കറിയാമോ? യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് കേട്ടപ്പോൾ ചിലർ ഭയചികിതരായി. അവർ പേടിച്ചു വിറച്ചുപോയി. ഭയപ്പെട്ടെങ്കിലും സദ്വാർത്ത കേൾക്കുകയും

06-ാം പേജിൽ തുടരും...

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।
माध्यम: हिन्दी
Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL ★ Estd.: 1969
सदस्यता के लिए पंजीकृत उम्मीदवार - ATA
सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान
Certificate in Ministry
Diploma in Theology
योग्यता 10 वी या अधिक
जल्दी करें!
Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ



ECHO OF HIS CALL MINISTRIES SINCE 1969

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ഡിസംബർ 19*** ⇨ ഞങ്ങളുടെ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** ഇവയെല്ലാം ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി.

***ഡിസംബർ 20*** ⇨ ഞങ്ങളുടെ വിവർത്തകർ, അസ്സോസിയേറ്റ് എഡിറ്റർമാർ, കോഡിനേറ്റർമാർ, ഇവരുടെയെല്ലാം കുടുംബാംഗങ്ങൾ എന്നിവരെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

***ഡിസംബർ 21*** ⇨ മിഷണറി പ്രവർത്തകരുടെ പ്രതിബദ്ധതക്കായി.

***ഡിസംബർ 22*** ⇨ നമ്മുടെ ജീവനക്കാരുടെ കുടുംബങ്ങളെ അനുഗ്രഹിച്ചതിനായി.

***ഡിസംബർ 23*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും ദുഷ്ടശക്തികളിൽനിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

***ഡിസംബർ 24*** ⇨ നെഹെമ്യ ബൈബിൾ കോളേജിന്റെ രണ്ടാം ടേം വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതിനായി.

***ഡിസംബർ 25*** ⇨ ഈ വർഷത്തെ ക്രിസ്തീയ ആഘോഷങ്ങളെയെല്ലാം ദൈവം അനുഗ്രഹിച്ചതിനായി.

***ഡിസംബർ 26*** ⇨ 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് ലഭിക്കാൻ അനുഗ്രഹിച്ചതിനായി.

***ഡിസംബർ 27*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***ഡിസംബർ 28*** ⇨ ബൈബിൾകോർ കറസ്പോണ്ടൻസ് കോഴ്സ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയുടെ വളർച്ചക്കായി.

***ഡിസംബർ 29*** ⇨ വിളിയുടെ പ്രതിധ്വനിയുടെ 16 ഭാഷകളിലെ മാസിക സുവിശേഷ അച്ചടിശാലയിൽ അച്ചടിച്ചു വിതരണം ചെയ്തതിനായി.

***ഡിസംബർ 30*** ⇨ ഈ വർഷം മുഴുവനും നെഹെമ്യ ബൈബിൾ കോളേജിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടന്നതിനായി.

***ഡിസംബർ 31*** ⇨ 2023 വർഷത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും അത്ഭുതകരമായി നിറവേറ്റിയതിനായി.

***ജനുവരി 01*** ⇨ ഞങ്ങളുടെ വായനക്കാർക്കും ലോകം മുഴുവനുമുള്ള എല്ലാവർക്കും സമാധാനമുള്ള 2024 ആശംസിക്കുന്നു.

***ജനുവരി 02*** ⇨ എല്ലാ സഭകളെയും വിശ്വാസികളെയും 2024-ൽ വാഗ്ദത്തം നൽകി അനുഗ്രഹിക്കുന്നതിനായി.

***ജനുവരി 03*** ⇨ 2024-ൽ എല്ലാ ക്രിസ്തീയ സംഘടനകളും സഭകളും അനുഗ്രഹിക്കപ്പെടുന്നതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ജനുവരി 04*** ⇨ യുവാക്കൾക്കിടയിലെ അക്രമവും കൊലപാതകവും അവസാനിക്കുവാനും അവരെല്ലാം പരിശുദ്ധാത്മനിയോഗത്തിൽ ആകുവാനും.

***ജനുവരി 05*** ⇨ എല്ലാ കുടുംബങ്ങളിലും സമാധാനം കളിയാടുവാനായി.

***ജനുവരി 06*** ⇨ ലോകനേതാക്കൾ ദൈവീക ജ്ഞാനത്താൽ നിറഞ്ഞ് ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുവാനായി.

***ജനുവരി 07*** ⇨ ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കാനായി.

***ജനുവരി 08*** ⇨ ലോകമെമ്പാടുമുള്ള എല്ലാ ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രശസ്തിയിലേക്കുയരാൻ.

***ജനുവരി 09*** ⇨ ക്രിസ്ത്യാനികൾ ദൈവവചനം പിന്തുടരുവാനും ക്രിസ്തുവിന്റെ സ്വഭാവം പ്രകടമാക്കുവാനും.

***ജനുവരി 10*** ⇨ രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനും സാമ്പത്തിക വികസനത്തിനും.

***ജനുവരി 11*** ⇨ 2024-ൽ പാസ്റ്റർ എസ്. സാം സെൽവരാജും കുടുംബവും ദൈവത്തിന്റെ ശക്തമായ കരത്തിൽ കീഴിലായിരിക്കുവാൻ.

***ജനുവരി 12*** ⇨ എല്ലാ പള്ളികളും ദുഷ്ടശക്തികളിൽനിന്നും വിടുതൽ പ്രാപിക്കുവാൻ.

***ജനുവരി 13*** ⇨ എല്ലാ പള്ളികളും ക്രിസ്തീയ സംഘടനകളും സർക്കാരിൽ രജിസ്റ്റർ ചെയ്യുവാൻ.

***ജനുവരി 14*** ⇨ ഞങ്ങളുടെ സ്ഥാപനത്തിന് അനുയോജ്യരായ ജീവനക്കാരെ കണ്ടെത്തുവാനായി.

***ജനുവരി 15*** ⇨ ഞങ്ങളുടെ പങ്കാളികളുടെയും സംസ്ഥാന കോഡിനേറ്റർമാരുടെയും പ്രവർത്തനങ്ങളിൽ വിജയം കണ്ടെത്തുവാൻ.

***ജനുവരി 16*** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

***ജനുവരി 17*** ⇨ നമ്മുടെ ശുശ്രൂഷയുടെ വികസനത്തിനും ലോകസുവിശേഷീകരണത്തിനുമായി.

***ജനുവരി 18*** ⇨ ഈ മാസത്തിലെ എല്ലാ ആവശ്യങ്ങളുടെമേലും ദൈവീക കരുതലിനായി.

... 4-ാം പേജിന്റെ തുടർച്ച

വിശ്വസിക്കുകയും ചെയ്തപ്പോൾ അവർ സന്തോഷിക്കുവാൻ തുടങ്ങി. ദൂതൻ ഇടയന്മാർക്കു പ്രത്യക്ഷനായി പറഞ്ഞത്: **ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു** (മത്തായി 2:10). അവർ ലളിതമായ വിശ്വാസമുള്ള ലളിതരായ മനുഷ്യരായിരുന്നു.

നമ്മുടെ സമാധാനത്തെ തകർക്കുന്ന മറ്റൊരു കാര്യം, വെറുപ്പും ക്ഷമയില്ലായ്മയും.

ഇത് എന്നെ വില്ല്യം ബ്ലേക്കിന്റെ **വിഷമരം** എന്ന കവിതയെ ഓർമ്മിപ്പിക്കുന്നു.

*ഞാൻ എന്റെ സ്നേഹിതനോട് ദേഷ്യപ്പെട്ടു;*
*എന്റെ ക്രോധം പറഞ്ഞു, ക്രോധം തീർന്നു.*
*ഞാൻ ശത്രുവിനോടു ദേഷ്യപ്പെട്ടു;*
*ഞാൻ പറഞ്ഞില്ല, എന്റെ ദേഷ്യം വർദ്ധിച്ചു.*

*ഞാൻ പേടിയോടെ ആയിരുന്നു;*
*പ്രഭാതവും രാവും കണ്ണുനീരിലായി:*
*ഞാൻ പുഞ്ചിരിയോടെ അത് പ്രകാശിപ്പിച്ചു,*
*മൃദുവായ വഞ്ചനയും ചതിയുമോടെ.*

*അത് രാവും പകലും വളർന്നു;*
*കൃഷ്ണമണി പ്രകാശിക്കുന്നതുവരെ.*
*എന്റെ ശത്രു അതു തിളങ്ങുന്നതു കണ്ടു,*
*അത് എന്റേതെന്ന് അവൻ അറിഞ്ഞു.*

*എന്റെ തോട്ടത്തിൽ പ്രവേശിച്ചു,*
*രാത്രി തൂണിനെ മറച്ചപ്പോൾ;*
*പ്രഭാതത്തിൽ സന്തോഷത്തോടെ കണ്ടു,*
*ശത്രു മരച്ചുവട്ടിൽ നീണ്ടു കിടക്കുന്നു.*

ഇത് എന്റെ എക്കാലത്തെയും പ്രീയപ്പെട്ട കവിതയാണ്.

നമുക്കു ക്ഷമിച്ചു മുന്നോട്ടു പോകാം. എന്നാലേ സമാധാനം കണ്ടെത്താനാകൂ. നമുക്ക് ക്ഷമിക്കാൻ സാധിക്കുകയാണെങ്കിൽ സമാധാനം ഉണ്ടാകും. ആളുകൾ നമ്മോടു അനീതി പ്രവർത്തിച്ചിരിക്കാം, ആഴത്തിലുള്ള വേദനയുടെ മുറിവ് ഉണ്ടാക്കിയിരിക്കാം, പുറകിൽ നിന്നു കുത്തിയിരിക്കാം. അതൊക്കെ ദൈവം കൈകാര്യം ചെയ്യട്ടെ.

ജീവിതത്തിൽ ആരോടെങ്കിലും ക്ഷമിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ല എങ്കിൽ ഇപ്പോഴാണ് അതിനുള്ള സമയം. ക്ഷമിച്ചുകൊണ്ട് മെസേജ് അയക്കുക അല്ലെങ്കിൽ ഫോൺ ചെയ്യുക. അങ്ങനെ ചെയ്യുവാനുള്ള സമാധാനം ദൈവം നിങ്ങൾക്കു നൽകട്ടെ!

## 3. അവന്റെ സാന്നിദ്ധ്യത്തിന്റെ സമ്മാനം

ദൈവത്തിൽ നിന്നുള്ള മൂന്നാമത്തെ സമ്മാനം അവന്റെ സാന്നിദ്ധ്യമാണ്. എന്തൊരു അത്ഭുതകരമായ സമ്മാനം! അവന്റെ പേര് "ദൈവം നമ്മോടുകൂടെ" എന്ന് അർത്ഥമുള്ള ഇമ്മാനുവേൽ എന്നാണ്. ഒരിക്കലും നമ്മെ കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല എന്ന് അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. **നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയുണ്ട്** (സങ്കീർത്തനങ്ങൾ 16:11). ദാവീദ് രാജാവിന് പണം, പ്രശസ്തി, സമ്പത്ത്, അധികാരം, വിജയം എന്നിവയെല്ലാം ഉണ്ടായിരുന്നു എങ്കിലും കൊട്ടാരത്തിൽ ആയിരിക്കുന്നതിനേക്കാൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കാനാണ് അവൻ കൂടുതൽ ആഗ്രഹിച്ചത്. ദാവീദ് പാപം ചെയ്തപ്പോൾ താൻ രാജാവാണെന്നോ പ്രശസ്തനാണെന്നോ ഓർക്കാതെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിലായിരിക്കാൻ അവൻ ആഗ്രഹിച്ചു. **നിന്റെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ** (സങ്കീർത്തനങ്ങൾ 51:11) എന്നാണ് പറഞ്ഞത്.



*നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയുണ്ട്*

യേശുക്രിസ്തു വീട്ടിൽ ചെന്നപ്പോൾ അവൻ പറഞ്ഞു: **അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും** (യോഹന്നാൻ 14:16). നമ്മുടെ ജീവിതത്തിലും കുടുംബത്തിലും വീടുകളിലും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധത്തിലും ദൈവീക സാന്നിദ്ധ്യം എന്ന സമ്മാനം ഉണ്ടോ എന്നു നമുക്കു സ്വയം ചോദിക്കാം. ദൈവത്തിന്റെ സാന്നിദ്ധ്യത്തിനാണോ ലോകത്തിന്റെ സമ്മാനങ്ങൾക്കാണോ നാം മുൻഗണന നൽകുന്നത്? ഈ ക്രിസ്തുമസ്സ് കാലത്ത് നമ്മോടു തന്നെ ചോദിക്കുവിൻ.

8 -ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

*അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA*

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

Certificate in Ministry

Diploma in Theology

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.**

**Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858**

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | - 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | - ബൈബിൾകോർ - തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | - മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | - രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | - ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | - പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | - പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | - ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | - രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | - ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | - ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് - തമിഴ് ആരാധന | - ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | - ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | - വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | - ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | - ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | - ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | - രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | - ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | - രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | - ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | - ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | - രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” (മത്തായി 24:15)

### കർത്താവ് ശ്രവിക്കയും വിടുവിക്കയും ചെയ്യുന്നു!


**“നീതിമാന്മാർ നിലവിളിച്ചു, യഹോവ കേട്ടു; സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു”. സങ്കീർത്തനം 34:17**

ഞാൻ ശുശ്രൂഷ തുടങ്ങിയ കാലത്ത് പണമില്ലാത്തതിനാൽ വളരെ ലളിതമായ ജീവിതമാണ് നയിച്ചിരുന്നത്. വരുന്ന ഞായറാഴ്ച ചെന്നൈയിലെ പെരിയാർ തിടൽ ഹാളിൽ ഒരു പ്രത്യേക കൂട്ടായ്മ ഉണ്ടായിരിക്കുമെന്ന് ഒരു ദിവസം രാവിലെ, ഞങ്ങളുടെ പാസ്റ്റർ ജി. സുന്ദരം സഭയിൽ അറിയിച്ചു. ആ കാലത്ത് പള്ളിയിലെ ചെരുപ്പുകൾ സൂക്ഷിക്കുന്ന ശുശ്രൂഷ എനിക്കായിരുന്നു. അതിനാൽ ഞായറാഴ്ച ഉപയോഗിക്കുവാനായി എനിക്കുണ്ടായിരുന്ന ഒരേ ഒരു നല്ല ജോഡി വസ്ത്രങ്ങൾ അലക്കിയിട്ടു.

തലേ വെള്ളിയാഴ്ച ഒരു യുവാവ് എന്റെ അടുക്കൽ വന്ന്, അയാൾ എന്റെ ഒരു സ്നേഹിതന്റെ സഹോദരനാണെന്നും രണ്ടു ദിവസം താമസിക്കാൻ സൗകര്യം വേണമെന്നും പറഞ്ഞപ്പോൾ എന്റെ കൂടെ താമസിക്കാൻ സന്തോഷത്തോടെ ഞാൻ അനുവദിച്ചു. എന്റെ പഴയ സ്നേഹിതന്റെ സഹോദരനെ സഹായിക്കാൻ എനിക്ക് വളരെ സന്തോഷമായിരുന്നു.

പിറ്റേന്ന് (ശനിയാഴ്ച) ഞാൻ പുറത്തു പോയിരുന്ന സമയം എന്റെ പഴയതും പുതിയതുമായ എല്ലാ ഡ്രെസ്സുകളും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും ഞായറാഴ്ചത്തെ ഉപയോഗത്തിനായി ഞാൻ കഴുകിയിട്ടിരുന്ന വസ്ത്രങ്ങളുമെല്ലാ എടുത്തുകൊണ്ട് അയാൾ ഓടിപ്പോയി.

ഞായറാഴ്ചത്തെ ഉപയോഗത്തിനായി വേറെ വസ്ത്രങ്ങളില്ലാത്തതിനാൽ ഞാൻ വളരെ ഭാരപ്പെട്ടു. ചെരുപ്പുകൾ സൂക്ഷിക്കുന്ന ശുശ്രൂഷ മുഷിഞ്ഞ വേഷം ഇട്ടുകൊണ്ട് ചെയ്യുവാൻ എനിക്ക് ഇഷ്ടമില്ലായിരുന്നു. മാത്രമല്ല, വേഷത്തിന്റെ കാര്യത്തിൽ എന്റെ പാസ്റ്റർ ഒട്ടും വിട്ടുവീഴ്ചയും ഇല്ലാത്തയാളായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ ഞാൻ വല്ലാതെ വിഷമിച്ചുപോയി. പുതിയ വസ്ത്രം വാങ്ങുവാനുള്ള പണത്തിനായി ഞാൻ ദൈവത്തിങ്കലേക്കു തിരിഞ്ഞു. എന്റെ വിശ്വാസത്തിന് കോട്ടം തട്ടി എങ്കിലും വേറെ ഒരു മാർഗ്ഗവുമില്ലാത്തതിനാൽ ആ ശനിയാഴ്ച ഉച്ച കഴിഞ്ഞ നേരം വസ്ത്രത്തിനായി ദൈവത്തിങ്കലേക്കു തന്നെ ഞാൻ നോക്കി.



പെട്ടെന്ന് എന്റെ വീട്ടിന്റെ വെളിയിൽ നിന്നും ആരോ എന്നെ വിളിച്ചു. ഞാൻ പുറത്തു ചെന്ന് അദ്ദേഹത്തെ അകത്തേക്കു ക്ഷണിച്ചുകൊണ്ടുവന്നു. അദ്ദേഹത്തോടൊപ്പം കുറെ വെള്ള വസ്ത്രങ്ങൾ നിറച്ച ഒരു ബാഗുമുണ്ടായിരുന്നു. അത് എന്റെ കൈയ്യിൽ തന്നിട്ട് എന്നോട് ഇങ്ങനെ പറഞ്ഞു: “പ്രീ യപ്പെട്ട സഹോദരാ, സാമേ, ആറു മാസങ്ങൾക്കുമുമ്പ് എന്റെ ഒരു ബന്ധു വിദേശത്തുനിന്ന് വന്നപ്പോൾ കുറച്ചു പാന്റും ഷർട്ടും എനിക്കായിട്ട് കൊണ്ടുവന്നു. പക്ഷെ അത് എന്റെ ശരീരത്തിന് യോ ജിക്കുന്ന വലിപ്പം അല്ലാത്തതിനാൽ ഞാൻ അത് നിനക്ക് തരാമെ ന്ന് വിചാരിച്ചു. അത് നിന്റെ ശരീരത്തിന് യോജിക്കുന്ന വലിപ്പം ആണ്.” ഞാൻ സന്തോഷം കൊണ്ടു നിറഞ്ഞു. വളരെ വിലകൂടിയ മുൻനിരയിലുള്ള തുണി കൊണ്ടുള്ളതായിരുന്നു ആ വസ്ത്രങ്ങൾ. മാത്രമല്ല, അത് തയ്ചിരുന്നത് എന്റെ ശരീരത്തിന്റെ അളവിനു പാക വുമായിരുന്നു.

പിറ്റേന്ന് അതിലുള്ള ഒരു ജോഡി ഡ്രെസ്സ് ധരിച്ചുകൊണ്ട് പള്ളിയിലേക്ക് പോയി. ഞങ്ങളുടെ മുഖ്യപാസ്റ്റർ ജി. സുന്ദരം എന്നെ സർവ്വാംഗം നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: “സഹോദരൻ സാമേ, നീ ഇന്ന് വളരെ നന്നായി വസ്ത്രം ധരിച്ചിട്ടുണ്ടല്ലോ?” ഞാൻ വളരെ ചുരുക്കമായി സംഭവിച്ചതു മുഴുവൻ പറഞ്ഞു. അദ്ദേഹം സന്തോഷത്തോടെ എന്റെ തോളിൽ തട്ടി അഭിനന്ദിച്ചു. ദൈവത്തിനു സ്തുതി.

സങ്കീർത്തനങ്ങൾ 34:17 പറയുന്നതുപോലെ **നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു.**

*******

*6-ാം പേജിന്റെ തുടർച്ച...*

### 4. ദൈവത്തിന്റെ ശക്തിയുടെ സമ്മാനം!

നമ്മുടെ ജീവിതത്തിലുള്ള ദൈവത്തിന്റെ അമാനുഷിക ശക്തിയാണ് അവന്റെ സമ്മാനത്തിൽ അടുത്തത്. ഉല്പത്തി 3:15 ലുള്ള ദൈവത്തിന്റെ ആദ്യത്തെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ജനനം. വചനം ഇങ്ങനെ പറയുന്നു: **ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും** (ഉല്പത്തി 3:15).

ഈ വാക്യം സാത്താനും മനുഷ്യനും തമ്മിലുള്ള ശാശ്വത ശത്രുതയെ സ്ഥാപിക്കുന്നു. എന്നാൽ, യേശുവിന്റെ ജനനം സാത്താന്റെ എല്ലാ ശക്തിയെയും തകർത്തുകളഞ്ഞു. ദൈവത്തിന്റെ പദ്ധതിയെ തകർക്കാനുള്ള സാത്താന്റെ ശ്രമത്തിന്റെ ഫലമായി യേശുവിന്റെ ജനനസമയത്തുണ്ടായിരുന്ന എല്ലാ കുഞ്ഞുങ്ങളെയും കൊന്നുകളഞ്ഞു. അതിലൂടെ ദൈവീകലക്ഷ്യം തകർക്കാമെന്നും അവൻ കരുതി. എന്നിരുന്നാലും ദൈവത്തിന്റെ

പദ്ധതി നശിപ്പിക്കാൻ കഴിയാതിരുന്നതിനാൽ സാത്താന്റെ പദ്ധതി വ്യർത്ഥമായിപ്പോയി. പ്രീയരേ, നിങ്ങൾക്കും എനിക്കുംവേണ്ടി ദൈവം തയ്യാറാക്കിയ പദ്ധതിയെ നശിപ്പിക്കാൻ ആരെക്കൊണ്ടും സാദ്ധ്യമല്ല. നിങ്ങളുടെ ഇപ്പോഴത്തെ സാഹചര്യങ്ങൾ മറിച്ചാണെങ്കിൽപോലും യെശയ്യാവ് **കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു** (യെശയ്യാവ് 6:1) എന്നത് ഓർക്കുക. നമ്മുടെ കർത്താവ് വാഴുന്നു! അന്തിമ അധികാരം കർത്താവിന്റേതാണ്. നമ്മുടെ കാലടികളെ അവൻ നിയന്ത്രിക്കുന്നു, സമുദ്രത്തിലെ തിരമാലകൾക്ക് ഒരു അതിര് നിശ്ചയിച്ച് കൂടുതൽ മുന്നോട്ടു പോകരുത് എന്ന നിയന്ത്രണവും വച്ചിരിക്കുന്നു. "എന്റെ പദ്ധതി നിലനിൽക്കുന്നു" എന്ന് ദൈവം പ്രഖ്യാപിക്കുന്നു. നമ്മുടെ ദൈവം അതിശക്തനാണ്.

പരാജയങ്ങൾ, തോൽവികൾ, പാപങ്ങൾ, ശാപങ്ങൾ, എല്ലാറ്റിനുമുപരി സാത്താനെയും തരണം ചെയ്ത് നാം വിജയശ്രീലാളിതരായിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിരാശരാകരുത്. ജയശാലികളേക്കാൾ നാം മുന്നിലുള്ളവരാണ് എന്നാണ് ക്രിസ്തുമസ്സ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. എലിശബത്ത് ശാപത്തെ കീഴടക്കി, മറിയം സാമൂഹിക കളങ്കത്തെ കീഴടക്കി, മാനവരാശി പാപത്തെയും ശാപത്തെയും കീഴടക്കി.

നാം എന്തിനാണ് കാത്തുനിൽക്കുന്നത്? നാം ജേതാക്കളേക്കാൾ മുന്നിലാണ്.

## 5. ക്ഷമയുടെ സമ്മാനം

അവസാനമായി, ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ, അത് നല്ലതും മനോഹരവും പൂർണ്ണതയുമുള്ളതെന്ന് അവൻ കണ്ടു. പക്ഷെ, അനുസരണക്കേടിലൂടെ പാപം കടന്നു വന്നപ്പോൾ സകലവും മാറിമറിഞ്ഞു.



*Forgiveness of Jesus Christ*

അന്നു മുതൽ ആ പാപത്തെയും അതിന്റെ അനന്തരഫലങ്ങളെയും മറികടക്കാനായി മാനവരാശി പാടുപെടുകയാണ്. ഈ ആശയം എല്ലാ മതങ്ങളിലും നിലനിൽക്കുന്നു. **പാപത്തിന്റെ ശമ്പളം മരണമത്രേ** എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു (റോമർ 6:23). മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ പാപപ്രവൃത്തികളുടെ അനന്തരഫലങ്ങൾ ശാരീരിക മരണത്തിന് ഉപരിയായി ആത്മീയ മരണത്തിൽ എത്തിച്ചേരുന്നു. പാപം നമ്മെ ദൈവത്തിൽനിന്നും വേർപെടുത്തി അവനുമായി ഒരു വലിയ വിടവ് സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ, യേശുക്രിസ്തുവിന്റെ ജനനം ഈ വിടവ് ഇല്ലാതാക്കിയിരിക്കുന്നു. യേശുക്രിസ്തു ഈ ലോകത്തിൽ വന്നതിന്റെ ഉദ്ദേശ്യം നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും നമ്മുടെ ശിക്ഷയുടെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുക എന്നതാണ്. കാൽവരിയിലെ ക്രൂശ് മരണത്തിലൂടെ കൃപ എന്ന പ്രത്യേക ദാനം അവൻ നമുക്കു നേടിത്തന്നു. കൃപയുടെ രൂപത്തിൽ നമ്മിലേക്കു വരുന്ന ശുദ്ധവും നിസ്വാർത്ഥവുമായ ദൈവത്തിന്റെ സ്നേഹത്തെ ഓർക്കാനുള്ള സമയമാണ് ക്രിസ്തുമസ്സ്. കൂടാതെ, യേശു നമുക്കുവേണ്ടി നിരന്തരം പിതാവുമായി മദ്ധ്യസ്ഥത വഹിക്കുന്നു എന്ന് റോമർ 8:34ൽ പറഞ്ഞിരിക്കുന്നു. കൃപയ്ക്ക് മറയ്ക്കുവാൻ കഴിയാത്തത്ര വലിയ പാപമൊന്നും ഇല്ല എന്നും കൃപയ്ക്കു നികത്താൻ കഴിയാത്ത ചെറിയ പാപമൊന്നും ഇല്ല എന്നും ഓർക്കേണ്ടത് പ്രധാനമാണ്.

പ്രീയ സുഹൃത്തുക്കളേ, ഈ ലോകത്തിന്റെ സമ്മർദ്ദങ്ങൾ, നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ആവശ്യങ്ങൾ, നാം നേരിടുന്ന വെല്ലുവിളികൾ എന്നിവ ചിലപ്പോൾ നമ്മെ ദൈവത്തിൽനിന്നും അകറ്റുന്നു. നിങ്ങൾ കർത്താവിൽനിന്നും അകന്നു പോയതായി നിങ്ങൾക്കു തോന്നുകയാണെങ്കിൽ, ഇപ്പോൾ അവങ്കലേക്കു മടങ്ങി വരാനുള്ള സമയമാണ്.

യേശു നമ്മെ സ്നേഹിക്കുന്നു, അവൻ നമ്മോടു ക്ഷമിക്കാൻ തയ്യാറാണ്. നമുക്ക് അവനുമായി വ്യക്തിപരമായ ബന്ധം ഉണ്ടായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.

പ്രീയ സുഹൃത്തുക്കളേ, ഈ ക്രിസ്തുമസ്സ് അർത്ഥപൂർണ്ണമായ ഒന്നായിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. രാജകുമാരന്റെ അഞ്ചു സമ്മാനങ്ങൾ നിങ്ങൾക്ക് ആസ്വദിക്കാം. അവൻ വാഗ്ദാനങ്ങൾ പാലിക്കുന്നവനാണ് എന്നു നിങ്ങൾ എപ്പോഴും ഓർക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ചിലപ്പോൾ അതിനു സമയമെടുത്തേക്കാം. കൊടുങ്കാറ്റിന്റെ മദ്ധ്യേ നമുക്കു സമാധാനം നൽകുന്നവനാണ് അവൻ. നാം കാണാതെയും അനുഭവിക്കാതെയും ഇരുന്നാലും അവന്റെ സാന്നിദ്ധ്യം നമ്മോടൊപ്പം എപ്പോഴും ഉണ്ട്. നമ്മുടെ അവസാന ശ്വാസം വരെയും അവൻ നമ്മോടൊപ്പം ഉണ്ടായിരിക്കും. അവൻ ശക്തനായ ദൈവമായതിനാൽ നമുക്ക് ഭയപ്പെടേണ്ട കാര്യമില്ല. അവൻ നമ്മെ വിജയശ്രീലാളിതരും അതിനപ്പുറവും ആക്കും. അവസാനമായി, നാം ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ അംഗീകരിക്കാനും ആലിംഗനം ചെയ്യുവാനും കാത്തിരിക്കുകയാണ്.

രാജകുമാരന്റെ അഞ്ചു സമ്മാനങ്ങൾ സ്വീകരിക്കുകയാണെങ്കിൽ, ക്രിസ്തുമസ്സിന്റെ യഥാർത്ഥ അർത്ഥം നമുക്ക് അനുഭവിക്കാം.

നിങ്ങൾക്കെല്ലാവർക്കും വളരെ സന്തോഷകരവും, അനുഗ്രഹീതവും, അർത്ഥപൂർണ്ണവും ആനന്ദകരവുമായ ക്രിസ്തുമസ്സ് ആശംസിക്കുന്നു.

*******


## WANTED for

**NEHEMIAH BIBLE COLLEGE**
**of ECHO OF HIS CALL, Chennai**
**(ATA Candidate)**

1. **DEAN (Residential):**
   Hindi Theologian with M.Div. / M.Th. Degree & experience.
2. **VICE-PRINCIPAL:**
   English / Tamil / Hindi Theologian with M.Div. / M.Th. & experience.
3. **CO-ORDINATOR:**
   With Computer / Typing knowledge in English, Tamil & Hindi.

Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98410 71858

## ലൈബ്രറി ബുക്കുകൾ
### ആവശ്യമുണ്ട്

സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറികളിലേക്ക് തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള പുസ്തകങ്ങൾ ആവശ്യമുണ്ട്. പുതിയതോ പഴയതോ ആയ നല്ല പുസ്തകങ്ങൾ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിലും സംഭാവന ചെയ്യാൻ തയ്യാറാണെങ്കിലും ഞങ്ങളുമായി ബന്ധപ്പെടുവിൻ.

- Pr. S. Sam Selva Raj, Editor
+91-98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## അത്യാവശ്യം

നെഹെമ്യ ബൈബിൾ കോളേജിലേക്ക് 1000 ഹിന്ദി ബുക്കുകൾ ആവശ്യമുണ്ട്. വേദശാസ്ത്രപരമായ ഹിന്ദി പുസ്തകങ്ങൾ ശേഖരിക്കുവാനുള്ള വഴികൾ ദയവായി അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

- Pr. S. Sam Selva Raj, Editor
+91-98412 71858

## OUR BANK DETAILS:

*1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th DECEMBER, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**